# പതിനഞ്ചാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2021 ജൂൺ 9, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

നികുതിയിളവ്

മി. സ്പീക്കർ: അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിന്റെ വില മുൻ കാലത്തെ അപേക്ഷിച്ച് കുറഞ്ഞു നിൽക്കുമ്പോഴും ഇന്ത്യയിൽ പെട്രോളിന്റെ വില നൂറിലെത്തുകയും ഡീസലിന്റെ വില നൂറുരൂപയോട് അടുക്കുകയും ചെയ്യുന്ന സാഹചര്യത്തിലും കോവിഡ് മഹാമാരിയും പ്രളയവും തകർത്ത ജനങ്ങൾക്ക് ആശ്വാസമെത്തിക്കാൻ അധിക നികുതിയിൽ ഇളവ് അനുവദിക്കാത്ത സാഹചര്യത്തിലും ജനങ്ങൾക്കുണ്ടായിട്ടുള്ള പ്രതിസന്ധി സഭാനടപടികൾ

നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. ഷംസുദ്ദീൻ, ഐ.സി. ബാലകൃഷ്ണൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി. സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): അഖിലേന്ത്യാതലത്തിൽ മുൻപുണ്ടായിരുന്ന ഓയിൽ പൂൾ അക്കൗണ്ട് എടുത്തുകളഞ്ഞതാണ് ഇന്ത്യയിലെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിന് കാരണം. സംസ്ഥാനത്ത് പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി വർദ്ധിപ്പിച്ചിട്ടില്ല. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് പെട്രാളിയം ഉൽപ്പന്നങ്ങളുടെ നികുതി കുറയ്ക്കുകയാണ് ചെയ്തത്. ഇന്ധന വിലവർദ്ധനവിനെ കക്ഷി-രാഷ്ട്രീയ വ്യത്യാസമില്ലാതെ എതിർക്കേണ്ടതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിന്റെ വില കുറയുമ്പോഴും ഇന്ത്യയിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യമാണുള്ളത്. കോർപ്പറേറ്റുകളെ സഹായിക്കുന്ന കേന്ദ്ര സർക്കാരിന്റെ തെറ്റായ നയത്തിന്റെ ഭാഗമായാണ് വില വർദ്ധനവുണ്ടായിട്ടുള്ളത്. പെട്രോൾ-ഡീസൽ വില വർദ്ധനവിനെത്തുടർന്ന് ലഭിക്കുന്ന അധിക നികുതി വേണ്ടെന്നുവയ്ക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകുകയും പെട്രോളിയം ഉൽപ്പന്നങ്ങൾ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തണമെന്ന് ജി.എസ്.ടി.

കൗൺസിലിനോട് ആവശ്യപ്പെടുകയും വേണം. പെട്രോളിയം ഉൽപ്പന്നങ്ങളുടെ അധിക നികുതിയിൽ ഇളവ് അനുവദിക്കാത്ത സംസ്ഥാന സർക്കാരിന്റെ നടപടിമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള പ്രതിസന്ധി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): ഇന്ധനവില വർദ്ധനവിലൂടെ ലഭിക്കുന്ന നികുതി വരുമാനത്തിന്റെ സിംഹഭാഗവും കേന്ദ്രസർക്കാരിനാണ് ലഭിക്കുന്നത്. കോവിഡ് മഹാമാരി കാരണം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽപോലും കടമായി നൽകാമെന്ന് പറഞ്ഞ തുക വെട്ടിക്കുറയ്ക്കുകയാണ് ചെയ്തത്. കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നൽകുന്ന ടാക്സ് വിഹിതം വർദ്ധിപ്പിക്കുന്നില്ലെന്ന് മാത്രമല്ല പെട്രോളിനും ഡീസലിനും കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ സെസ്സ് വിഹിതം സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുന്നുമില്ല. കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ

കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

### 1. സ്ഥലമേറ്റെടുക്കുന്നതിന് തുക അനുവദിക്കൽ

ഡോ. എൻ. ജയരാജ്: കാഞ്ഞിരപ്പള്ളിയിലുൾപ്പെടെ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. കോളേജുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാനാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിന് തുക അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (പ്രൊഫ. ആർ. ബിന്ദു): ഐ.എച്ച്.ആർ.ഡി.-ക്കുകീഴിൽ കാഞ്ഞിരപ്പള്ളിയിൽ പ്രവർത്തിക്കുന്ന കോളേജ് ഓഫ് അപ്ലൈഡ് സയൻസസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാനാവശ്യമായ സ്ഥലം ലഭ്യമാക്കാൻ പഞ്ചായത്ത് അധികൃതരുടെ സഹായത്തോടെ ശ്രമിച്ചുവരികയാണ്. സ്വകാര്യ വ്യക്തികളുടെ സ്ഥലം മാർക്കറ്റ് വില നൽകി വാങ്ങാൻ ഐ.എച്ച്.ആർ.ഡി.-ക്ക് സാമ്പത്തിക സ്ഥിതി ഇല്ലാത്തതിനാൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി വില്ലേജിലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 6.75 ഏക്കർ സ്ഥലം അനുവദിക്കണമെന്നാവശ്യപ്പെട്ടെങ്കിലും സൗജന്യമായി വിട്ടുനൽകാൻ കഴിയില്ലെന്ന്

അധികൃതർ അറിയിച്ചിട്ടുണ്ട്. സർക്കാരിന്റെ ധനസ്ഥിതിയുടെയും നയപരമായ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമേ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

## 2. ഭൂപതിവുചട്ടങ്ങളുടെ ഭേദഗതി

ശ്രീ. പി. ജെ. ജോസഫ്: ഇടുക്കി ജില്ലയിൽ ഭൂപതിവു ചട്ടങ്ങൾ കാലോചിതമായി ഭേദഗതി ചെയ്ത് ഉപാധിരഹിത പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഭൂപതിവ് ചട്ടങ്ങൾപ്രകാരം സ്വന്തമായി കൃഷിക്കും താമസത്തിനും കടകൾക്കുമാണ് പട്ടയം അനുവദിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. മൂന്നാറിൽ കാർഷികാവശ്യങ്ങൾക്കായി പതിച്ചുകൊടുത്ത ഭൂമിയിൽ റവന്യൂ വകുപ്പിന്റെ NOC ഇല്ലാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടില്ലെന്ന ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രത്യേക ഭൂപതിവ് ചട്ടപ്രകാരം പട്ടയം അനുവദിച്ചിട്ടുള്ള ഭൂമി വനഭൂമിയായതിനാൽ തരംമാറ്റം വരുത്തുന്നതിന് കേന്ദ്രാനുമതി ആവശ്യമാണ്. കാർഷികാവശ്യങ്ങൾക്കായി അനുവദിച്ച പട്ടയഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പാടില്ലെന്ന വ്യവസ്ഥ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ

ഉൾപ്പെടുത്തണമെന്ന കോടതി ഉത്തരവിന്മേൽ എൽ.എസ്.ജി.ഡി. ആണ് തീരുമാനമെടുക്കേണ്ടത്. മൂന്നാറിലെ വിഷയവുമായി ബന്ധപ്പെട്ട് ചട്ടഭേഗതിക്കുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## III. സബ്മിഷൻ

### (1) ഭൂമി ഏറ്റെടുക്കൽ

ശ്രീ. ഐ. ബി. സതീഷ് : അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാന മന്ദിര നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്കുവേണ്ടി പൊന്നുംവില നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവിറക്കുകയും സർവ്വകലാശാലാ രജിസ്ട്രാർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഏറ്റെടുക്കുന്ന ഭൂമിയുടെ അടിസ്ഥാന വില അംഗീകരിക്കുകയും 220-ഓളം ഭൂവുടമകൾക്ക് നോട്ടീസ് നൽകി റെക്കോർഡ് ശേഖരിച്ച് അവാർഡ് വിതരണ നടപടി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വിശദ വിലവിവര പട്ടിക തയ്യാറാക്കുന്നതിനായി പൊന്നുംവില ഭൂമിയിൽ ഉൾപ്പെട്ട വൃക്ഷങ്ങളുടെ വില ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, വിളപ്പിൽ കൃഷി ഓഫീസർ എന്നിവർ സമർപ്പിച്ചിട്ടുണ്ട്. പൊന്നുംവില അവാർഡ് നൽകുന്നതിനാവശ്യമായ തുക

പൂർണ്ണമായി ലഭ്യമാകുന്ന മുറയ്ക്ക് ഭൂമി കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(2) റെഗുലേറ്റർ കം ബ്രിഡ്ജ്

ശ്രീ. മഞ്ഞളാംകുഴി അലി: കീഴ്മുറിക്കടവ്-മൂതിക്കയം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കീഴ്മുറിക്കടവ്-മൂതിക്കയം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടി പൂർത്തിയാക്കി കരാറുകാരന് സ്ഥലം കൈമാറുകയും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(3) വന്യജീവി ആക്രമണം

ശ്രീ. കെ. യു. ജനീഷ് കുമാർ: വന്യജീവി ആക്രമണത്തിൽനിന്നും ജനങ്ങളുടെ ജീവനും കൃഷിക്കും സംരക്ഷണം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): വന്യജീവി ആക്രമണത്തിന്റെ ആഘാതം ലഘൂകരിക്കുന്നതിന് വനാതിർത്തികളിൽ സൗരോർജ്ജ വേലികളും ആന പ്രതിരോധ മതിലുകളും കിടങ്ങുകളും നിർമ്മിക്കുകയും നാട്ടിലേയ്ക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ

ജില്ലകളിൽ 13 റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം, സ്വത്ത് നാശം, പരിക്ക്, ജീവഹാനി എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്. വന്യജീവി ആക്രമണം രൂക്ഷമായ മേഖലകൾ തെരഞ്ഞെടുത്ത് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

## (4) പാർപ്പിട പ്രശ്നം

ശ്രീ. കെ. ബാബു (നെന്മാറ): നെല്ലിയാമ്പതിയിലും പറമ്പിക്കുളത്തുമുള്ള എസ്.സി/എസ്.ടി./മറ്റ് വിഭാഗങ്ങളുൾപ്പെടെയുള്ള ജനങ്ങൾക്ക് ഭൂമിയും വീടും ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ ലൈഫ് പദ്ധതി മുഖേന 88 ഗുണഭോക്താക്കളുടെ വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഭൂരഹിത ഭവനരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഗ്രാമപഞ്ചായത്തും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പും ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പറമ്പിക്കുളം കടവ് കോളനിയിൽ 65 കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം ലഭിച്ച ഒന്നര ഹെക്ടറോളം ഭൂമിയിൽ വീട് നിർമ്മിക്കാനുള്ള പദ്ധതി തയ്യാറാക്കാൻ കേരളാ സ്റ്റേറ്റ്

നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നെല്ലിയാമ്പതിയിലും പറമ്പിക്കുളത്തും നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള ഭീമമായ ചെലവ് പരിഗണിച്ച് കുടുംബശ്രീ/തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ പ്രത്യേക നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ച് സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(5) പാലക്കയം ആദിവാസി കോളനി റോഡ്

ശ്രീ. പി. കെ. ബഷീർ: പാലക്കയം ആദിവാസി കോളനിയിലെ റോഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകി തുടർനടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പാലക്കയം ആദിവാസി കോളനി റോഡിന്റെ നിർമ്മാണ ചുമതലയുണ്ടായിരുന്ന കിറ്റ്കോ പ്രവൃത്തി ആരംഭിച്ചെങ്കിലും മുന്നറിയിപ്പുകൂടാതെ ജോലി നിർത്തിവച്ചതിനാൽ കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ കാലാവധി 2019 മാർച്ച് 31-ന് അവസാനിച്ചതിനാൽ റോഡ് നിർമ്മാണത്തിനാവശ്യമായ തുക ബദൽ സംവിധാനത്തിലൂടെ കണ്ടെത്താനാകുമോയെന്ന് പരിശോധിക്കുന്നതാണ്.

(6) റോഡ് നിർമ്മാണം

ശ്രീ. പി. വി. ശ്രീനിജൻ: കുന്നത്തുനാട് മണ്ഡലത്തിലെ നെല്ലാട്-മനയ്ക്കക്കടവ്

റോഡിന്റെ മൂന്നാം സ്റ്റേച്ചിന്റെ നിർമ്മാണവും മണ്ണൂർ-പോഞ്ഞാലശ്ശേരി റോഡിന്റെ നിർമ്മാണവും അടിയന്തരമായി ആരംഭിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ടി റോഡുകളുടെ പ്രവൃത്തിയിലുള്ള തടസ്സം നീക്കുന്നതിന് ഉന്നതതലയോഗം വിളിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (7) മേൽപ്പാല നിർമ്മാണം

ശ്രീ. പി. സി. വിഷ്ണുനാഥ്: ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന കുണ്ടറ ടൗണിൽ റെയിൽവേ മേൽപ്പാലനിർമ്മാണത്തിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കുണ്ടറ പള്ളിമുക്ക് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണച്ചുമതല ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിക്കുകയും സ്ഥലമെടുപ്പ് നടപടി പുരോഗമിക്കുകയുമാണ്. കൊല്ലം തിരുമംഗലം ദേശീയപാതയിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി നാലുവരിപ്പാതയാക്കാനും കുണ്ടറ പള്ളിമുക്ക് ജംഗ്ഷനിൽ ഫ്ലൈ ഓവറും റെയിൽവേ മേൽപ്പാലവും നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകി കേരള റോഡ് ഫണ്ട് ബോർഡിനെ നിർവ്വഹണ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. കുണ്ടറ പള്ളിമുക്ക് ജംഗ്ഷനിലെ ഫ്ലൈഓവറിനും റെയിൽവേ മേൽപ്പാല നിർമ്മാണത്തിനുമുള്ള സർവ്വേ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ ടെണ്ടർ നടപടി

പൂർത്തിയായിട്ടുണ്ട്.

## (8) പാലം നിർമ്മാണം

ശ്രീ. കെ. വി. സുമേഷ്: അഴീക്കോട് മണ്ഡലത്തിലെ കല്ലൂരിക്കടവ് പാലത്തിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കല്ലൂരിക്കടവ് പാലം പ്രവൃത്തിയുടെ ടെന്റേറ്റീവ് ജനറൽ ഡിസൈൻ ഡ്രോയിംഗിന്മേലുള്ള ഫീസിബിലിറ്റി റിപ്പോർട്ട് ചീഫ് എഞ്ചിനീയർ (പാലം വിഭാഗം) ഡിസൈൻ വിംഗിനും കിഫ്ബി വിംഗിനും കൈമാറിയിട്ടുണ്ട്. പ്രവൃത്തിക്ക് സാമ്പത്തികാനുമതി നൽകുന്നതിനുള്ള തുടർനടപടി കിഫ്ബി സ്വീകരിച്ചുവരുന്നു.

## (9) കെട്ടിടനിർമ്മാണം

ശ്രീ. ടി. പ്രമോദ് നാരായൺ: റാന്നിയിലെ താലൂക്കാശുപത്രിക്ക് 12 നിലകളുള്ള പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകണം.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): റാന്നി താലൂക്കാശുപത്രിയിൽ നിലവിൽ 4 നിലകൾ വീതമുള്ള ഒ.പി. വിഭാഗവും കാഷ്വാലിറ്റി പ്രവർത്തിക്കുന്ന രണ്ട് കെട്ടിടങ്ങളുമാണുള്ളത്. ഒ.പി. വിഭാഗം, കാഷ്വാലിറ്റി, ലാബുകൾ, രോഗനിർണ്ണയ സംവിധാനങ്ങൾ എന്നിവ നവീകരിക്കുന്നതിനായി എസ്.പി.വി. ആയ ഹൈറ്റ്സിന്റെ പദ്ധതിരേഖയ്ക്ക്

ഭരണാനുമതി നൽകിയെങ്കിലും 12 നിലക്കെട്ടിടം നിർമ്മിക്കുന്നതിന് സാങ്കേതികതടസ്സമുള്ളതിനാൽ 7 നിലകൾ വരെ നിർമ്മിക്കുന്നതിനുള്ള പദ്ധതിരേഖയാണ് കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളത്. കിഫ്ബിയുടെ സാങ്കേതിക പരിശോധനകൾക്കും സാമ്പത്തിക അനുമതിക്കുംശേഷം ടെണ്ടർ നടപടി പൂർത്തീകരിച്ച് നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതാണ്.

(10) കോവിഡ് ചികിത്സാ സൗകര്യം

ശ്രീ. ടി. സിദ്ദിഖ്: വയനാട് ജില്ലയിൽ കോവിഡ് രോഗികൾക്കാവശ്യമായ ഓക്സിജൻ ശേഖരവും എമർജൻസി ഐ.സി.യു. ആംബുലൻസും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): കോവിഡ് ചികിത്സ ഏകോപിപ്പിച്ചിരിക്കുന്ന വയനാട് ജില്ലയിലെ സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളിൽ 826 ഓക്സിജൻ സിലിണ്ടറുകളുടെയും മാനന്തവാടി ജില്ലാ ആശുപത്രിയിൽ മിനിട്ടിൽ 280 ലിറ്റർ ശേഷിയുള്ള ഓക്സിജൻ ജനറേറ്ററിന്റെയും ഡി.എം. വിംസ് മെഡിക്കൽ കോളേജിൽ 6 മെട്രിക് ടൺ ലിക്വിഡ് മെഡിക്കൽ ഓക്സിജന്റെയും കരുതൽ ശേഖരം ഉറപ്പാക്കിയിട്ടുണ്ട്. ജില്ലയിൽത്തന്നെ ഓക്സിജൻ ഉല്പാദിപ്പിക്കുന്നതിന് മിനിട്ടിൽ 1500 ലിറ്ററും 1000 ലിറ്ററും ശേഷിയുള്ള ജനറേറ്ററുകൾ യഥാക്രമം വയനാട് മെഡിക്കൽ കോളേജിനും

കൽപ്പറ്റ ജനറൽ ആശുപത്രിക്കും അനുവദിച്ചിട്ടുണ്ട്. അടിയന്തരഘട്ടത്തിൽ മൈസൂർ-വയനാട് പാതയിലൂടെ ഡി.എം. വിംസ് ഹോസ്പിറ്റലിൽ റീഫില്ലിംഗിനാവശ്യമായ ഓക്സിജൻ എത്തിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. നിലവിലുള്ള ആംബുലൻസുകൾക്ക് പുറമേ അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് സംവിധാനമുള്ള ഓരോ ആംബുലൻസുകൾ മാനന്തവാടി ജില്ലാ ആശുപത്രിയിലും ബത്തേരി താലൂക്കാശുപത്രിയിലും ലഭ്യമാക്കിയിട്ടുണ്ട്. എമർജൻസി ഐ.സി.യു. ആംബുലൻസ് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## IV. ധനകാര്യം

### 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച (തുടർച്ച)

ശ്രീ. പി. ടി. എ. റഹീം: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനുള്ള നടപടികൾക്കാണ് ബഡ്ജറ്റിൽ ഊന്നൽ നൽകിയിരിക്കുന്നത്. ആഡംബര ഭവനങ്ങൾക്ക് ഒറ്റത്തവണ നികുതി ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. കോവിഡ് മഹാമാരിക്കാലത്ത് ഓട്ടോ-ടാക്സികളുടെ നികുതി ഒഴിവാക്കിയ നടപടിയും ജനസംഖ്യാനുപാതികമായി മലപ്പുറം ജില്ലയ്ക്ക് വാക്സിൻ വിതരണം ചെയ്തതും ശ്ലാഘനീയമാണ്.

ശ്രീ. എ. പി. അനിൽ കുമാർ: ബഡ്ജറ്റിനെ എതിർക്കുന്നു. മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ നികുതി പിരിവിലെ വീഴ്ചയും റവന്യൂ ഡെഫിസിറ്റും ഫിസ്കൽ ഡെഫിസിറ്റും വർദ്ധിക്കാനുണ്ടായ സാഹചര്യവും പരിശോധിക്കണം. സാമ്പത്തിക മേഖലയെ തകർക്കാനുള്ള ശ്രമമാണ് സർക്കാർ കിഫ്ബിയിലൂടെ സ്വീകരിച്ചത്.

ശ്രീ. വി. ശശി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കോവിഡ് മഹാമാരിയുടെ വ്യാപനം മറികടക്കാനുള്ള നൂതനപദ്ധതികളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിച്ചതും തീരദേശമേഖലയിലെ ദുർബ്ബലപ്രദേശങ്ങളെ ടെട്രപോഡുകളും ഡയഫ്രം മതിലുകളും സംയോജിപ്പിച്ച് സംരക്ഷിക്കുന്നതിന് തുക വകയിരുത്തിയതും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംരംഭകത്വ സഹായത്തിനായി 10 കോടി രൂപ അനുവദിച്ചതും സ്വാഗതാർഹമാണ്. താഴംപള്ളി തീരസംരക്ഷണ പ്രവൃത്തി അടിയന്തമായി ആരംഭിക്കണം. മത്സ്യത്തൊഴിലാളികൾക്ക് സഹായകമായ സ്ഥിരം പദ്ധതികൾ ആവിഷ്കരിക്കുകയും സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പ്രാധാന്യം നൽകുകയും ചെയ്യണം. അംബേദ്കർ ഗ്രാമം പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തണം.

ഡോ. എൻ. ജയരാജ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സർവ്വതലസ്പർശിയും ജനക്ഷേമപദ്ധതികൾക്ക് ഊന്നൽ നൽകുന്നതുമായ ബഡ്ജറ്റാണിത്. എഫ്.ആർ.ബി.എം. ആക്ട് റീ-സ്ട്രക്ച്ചർ ചെയ്യുന്നതിന് ശക്തമായ ഇടപെടലുണ്ടാകണം.

ശ്രീ. പി. പി. സുമോദ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ക്ഷേമപെൻഷനുകൾ കുടിശ്ശികയില്ലാതെ കൊടുത്തുതീർത്തതും പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തിയതും ഓൺലൈൻ അദ്ധ്യയനത്തിന് 10 കോടി രൂപ അനുവദിച്ചതും വീട്ടമ്മമാർക്ക് പെൻഷൻ നൽകുമെന്ന പ്രഖ്യാപനവും ശ്ലാഘനീയമാണ്. കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിനായി വിവര സാങ്കേതികവിദ്യയിലധിഷ്ഠിതമായ സേവന ശൃംഖല ആരംഭിക്കുന്നതിന് 10 കോടി രൂപയും റബ്ബർ സബ്സിഡി കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി 50 കോടി രൂപയും വകയിരുത്തിയത് സ്വാഗതാർഹമാണ്. പ്രവാസിക്ഷേമ പദ്ധതികൾക്ക് വിഹിതം വർദ്ധിപ്പിച്ചതും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സംരംഭകത്വ വികസന പരിപാടികൾക്ക് തുക വകയിരുത്തിയതും കുടുംബശ്രീ വഴി സ്ത്രീ ശാക്തീകരണം സാദ്ധ്യമാക്കിയതും ഗെയിൽ പൈപ്പ് ലൈൻ പദ്ധതി യാഥാർത്ഥ്യമാക്കിയതും അഭിനന്ദനാർഹമാണ്. ചൂലന്നൂർ മയിൽ സങ്കേതത്തെ വിനോദസഞ്ചാര മേഖലയാക്കി മാറ്റുന്നതിനുള്ള ശ്രമം നടത്തണം.

ശ്രീ. മാണി സി. കാപ്പൻ: ബഡ്ജറ്റിനെ എതിർക്കുന്നു. സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധികളെ അതിജീവിക്കാനുള്ള പദ്ധതികളൊന്നും ബഡ്ജറ്റിൽ പരാമർശിച്ചിട്ടില്ല. പ്രകൃതിക്ഷോഭംമൂലം വീടും കൃഷിയും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം ഉറപ്പുവരുത്തണം. പാലാ ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം. ടൂറിസം മേഖലയിലെ സംരംഭകരെ സഹായിക്കാൻ പദ്ധതി ആവിഷ്കരിക്കുകയും ഇല്ലിക്കൽകല്ല്, ഇലപൊഴിയാ പൂഞ്ചിറ, കുറിഞ്ഞി-കൊമ്പൻ മലകളെ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തുകയും വേണം. റബ്ബറിന്റെ തറവില 200 രൂപയായി ഉയർത്താൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. എം. സച്ചിൻദേവ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിയതും ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല ആരംഭിച്ചതും ക്ഷേമപെൻഷൻ വർദ്ധിപ്പിച്ചതും പൊതുവിതരണ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തിയതും ലൈഫ് മിഷൻ പദ്ധതിയിലൂടെ രണ്ടരലക്ഷത്തിലധികം വീടുകൾ നിർമ്മിച്ചതും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയതും പൊതുമേഖലാസ്ഥാപനങ്ങൾ ലാഭകരമാക്കിയതും സർക്കാരിന്റെ സാമൂഹ്യ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. ഗെയിൽ പൈപ്പ് ലൈൻ, കെ-ഫോൺ, ദേശീയപാതാ വികസനം, മലയോര/തീരദേശ ഹൈവേ തുടങ്ങിയ വൻകിട പദ്ധതികൾ യാഥാർത്ഥ്യമാക്കിയത് അഭിനന്ദനീയമാണ്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പ്രതിസന്ധികളെ തരണം ചെയ്തും വാഗ്ദാനങ്ങൾ ഇച്ഛാശക്തിയോടെ നടപ്പിലാക്കിയുമാണ് ഈ സർക്കാർ തുടർഭരണത്തിലെത്തിയത്. സർക്കാർ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുമെന്ന പ്രഖ്യാപനം ശ്ലാഘനീയമാണ്. രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിച്ചതും തീരദേശ സംരക്ഷണത്തിന് തുക അനുവദിച്ചതും കാർഷിക മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുന്ന പ്രഖ്യാപനങ്ങളും സ്വാഗതാർഹമാണ്.

ഡോ. എം. കെ. മുനീർ: ബഡ്ജറ്റിനെ എതിർക്കുന്നു. കോവിഡ് മഹാമാരിക്കാലത്ത് ജനങ്ങൾക്ക് സംരക്ഷണം നൽകുകയെന്നത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. ബേപ്പൂർ തുറമുഖം സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. എം. എം. മണി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പുതിയ നികുതി നിർദ്ദേശങ്ങളില്ലാതെ രണ്ടാം കോവിഡ് പാക്കേജ് ഉൾപ്പെടെയുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. കോവിഡ്മൂലം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ പെട്രോൾ-ഡീസൽ വിലയിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന നികുതിവിഹിതം ഒഴിവാക്കണമെന്ന പ്രതിപക്ഷ നിലപാട് ഖേദകരമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ബഡ്ജറ്റിനെ എതിർക്കുന്നു. യാഥാർത്ഥ്യബോധമില്ലാത്തതും ജനങ്ങളെ കബളിപ്പിക്കുന്നതും ധനസ്ഥിതി

മറച്ചുവയ്ക്കുന്നതുമായ ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. 20000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപനം ഗവൺമെന്റിന്റെ ബാദ്ധ്യതയായ കരാർ കുടിശ്ശികയും ക്ഷേമപെൻഷനുകളും നൽകുന്നതിനുവേണ്ടിയാണ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബാങ്കുകളുടെ അടിയന്തരയോഗം വിളിച്ച് ആറ് മാസത്തേയ്ക്ക് സിബിൽ റേറ്റിംഗ് സസ്പെൻഡ് ചെയ്യാൻ ആവശ്യപ്പെടണം. പാവപ്പെട്ട കുട്ടികൾക്ക് ഓൺലൈൻ പഠനോപകരണങ്ങൾ വാങ്ങാനുള്ള തുക എം.എൽ.എ. ഫണ്ടിൽ നിന്നും വിനിയോഗിക്കാൻ അനുമതി നൽകണം. ടൂറിസം മേഖലയെ സംരക്ഷിക്കാൻ പ്രത്യേക പാക്കേജ് കൊണ്ടുവരികയും സർവ്വീസ് നടത്താൻ കഴിയാത്ത സ്വകാര്യ ബസ് ഉൾപ്പെടെയുള്ളവയുടെ നികുതി ഒഴിവാക്കാൻ നിർദ്ദേശം നൽകുകയും വേണം. കുറ്റമറ്റ രീതിയിലുള്ള ആംനസ്റ്റി സ്കീം കൊണ്ടുവന്ന് നികുതി കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): മാംഗോ ഫോൺ കമ്പനിയുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് ശ്രീ. പി. ടി. തോമസ് ഇന്നലെ സഭയിൽ നടത്തിയ പരാമർശം തെറ്റിദ്ധാരണാജനകമാണ്. ആ സമയത്തെ മുഖ്യമന്ത്രി ഞാനായിരുന്നില്ല. സഭയിൽ അടിസ്ഥാനരഹിതമായ ആക്ഷേപങ്ങളുന്നയിക്കുന്നത് ശരിയായ നടപടിയല്ല.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): ബഡ്ജറ്റ് സംബന്ധിച്ച് വിശദമായ ചർച്ചയാണ് നടന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതികളുടെ കണക്കുകളിൽ ചെറിയ വർദ്ധനവ് വരുത്തിക്കൊണ്ടാണ് പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചത്. കോവിഡ് പ്രതിസന്ധി തരണം ചെയ്യുന്നതിന് സഹായകമായ നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലൂടെ മുന്നോട്ടുവച്ചിട്ടുള്ളത്. കോവിഡ് മഹാമാരിമൂലം സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി.-യിൽ ഇടിവുണ്ടായ സാഹചര്യത്തിൽ വായ്പാപരിധി 5 ശതമാനമായി ഉയർത്തണമെന്നും പ്രതീക്ഷിക്കുന്ന വരുമാനമുണ്ടായില്ലെങ്കിൽ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റോ പ്രത്യേക ലോണോ അനുവദിക്കണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. മലബാർ ലിറ്റററി സർക്യൂട്ടിലും ബയോഡൈവേഴ്സിറ്റി സർക്യൂട്ടിലും കൂടുതൽ സ്ഥലങ്ങൾ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതും ഡൊമസ്റ്റിക് ടൂറിസത്തിന് ശ്രദ്ധ നൽകുന്നതുമാണ്. പരമ്പരാഗത വ്യവസായ മേഖലകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനും ചെറുകിട വ്യാപാരികളെ സഹായിക്കുന്നതിനും നടപടി സ്വീകരിക്കും. കടലോര/കായലോര/നദീതട സംരക്ഷണ പദ്ധതികൾ രൂപീകരിക്കുന്നതിന് അംഗങ്ങൾ മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സ്വകാര്യ ബസ് ഉൾപ്പെടെയുള്ളവയുടെ വാഹന നികുതി അടയ്ക്കാനും ആംനസ്റ്റി കുടിശ്ശിക ടേൺ

ഓവർ ടാക്സ് എന്നിവയ്ക്ക് ഓപ്ഷൻ നൽകാനും സമയപരിധി ദീർഘിപ്പിച്ച് നൽകുന്നതാണ്.

<u>അറിയിപ്പ്</u>

<u>പരിശീലന പരിപാടി</u>

<u>മി. സ്പീക്കർ</u>: സഭാസമ്മേളനത്തിനുശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്രമുഖ ഡോക്ടർമാരുടെ നേതൃത്വത്തിൽ കോവിഡ് മൂന്നാം തരംഗവുമായി ബന്ധപ്പെട്ട സുരക്ഷാ സന്നാഹങ്ങളെക്കുറിച്ചുള്ള പരിശീലന പരിപാടി മെമ്പേഴ്സ് ലോഞ്ചിൽ ഒരുക്കിയിട്ടുണ്ട്.

(സഭ ഉച്ചയ്ക്കുശേഷം 2.38-ന് പിരിഞ്ഞു.)

******